"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ആലപ്പുഴയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ഓഫീസിൽ നിന്നും വെള്ളായണി RTTC യിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത വർക്ക് സൂപ്രണ്ടിന്റെ തസ്തിക - തിരികെ ആലപ്പുഴയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.700/2023/AGRI തീയതി,തിരുവനന്തപുരം, 20-07-2023

പരാമർശം:- 1. സ.ഉ(സാധാ) നം.818/2018/കൃഷി ;തീയതി 27.08.2019.

2. കൃഷി ഡയറക്ടറുടെ 21.03.2023ലെ ADFW/8871/2022-SH1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ആലപ്പുഴ അസിസ്റ്റന്റ് എഞ്ചിനീയർ (കൃഷി) ഓഫീസിലെ വർക്ക് സൂപ്രണ്ട് തസ്തിക തിരുവനന്തപുരം വെള്ളായണി ആർ.റ്റി.റ്റി.സി യിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവു പുറപ്പെടുവിച്ചിരുന്നു. കൃഷി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ ആലപ്പുഴ ജില്ലയിലെ പാടശേഖരങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തികളിൽ മേൽ നോട്ടം വഹിക്കുവാൻ ആളില്ലാത്തതിനാൽ ടി വർക്ക് സൂപ്രണ്ട് തസ്തിക തിരികെ അനുവദിച്ച് നൽകണമെന്ന് ആലപ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) അപേക്ഷിച്ചിരിക്കുന്നുവെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, വർക്ക് സൂപ്രണ്ട് തസ്തിക തിരികെ അനുവദിക്കാവുന്നതാണെന്ന് വെള്ളായണി ആർ.റ്റി.റ്റി.സി യിൽ നിന്നും സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ടി തസ്തികയിൽ നിലവിൽ ആരെയും നിയമിച്ചിട്ടില്ലാത്തതിനാൽ ടി വർക്ക് സൂപ്രണ്ട് തസ്തിക തിരികെ ആലപ്പുഴ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കാര്യാലയത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം(2)-ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴ ഓഫീസിൽ നിന്നും വെള്ളായണി RTTC യിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത വർക്ക് സൂപ്രണ്ടിന്റെ തസ്തിക തിരികെ ആലപ്പുഴ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കാര്യാലയത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നം. 2466746/Agri-A2/109/2023-FIN)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ